# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *5 — 26.09.2016-ൽ മറുപടിക്ക്

## മതമൗലികവാദത്തിനെതിരെ മുൻകരുതൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പി. വി. അൻവർ<br>ശ്രീ. പി. കെ. ശശി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തുനിന്ന് ദുരൂഹസാഹചര്യത്തിൽ കാണാതാകുന്നവരിൽ ചിലർ ഐ.എസ്. എന്ന ഭീകര സംഘടനയിൽ ചേർന്നിട്ടുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) ഐ. എസ്സ് ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന സന്ദേശങ്ങളും അവ സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്ന വ്യക്തികളുടെയും സംഘടനകളുടേയും പ്രവർത്തനങ്ങളും സസൂക്ഷ്മം നിരീക്ഷിക്കുകയും അവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഐ. എസ്സിൽ ചേർന്നതായി സംശയിക്കുന്ന വ്യക്തികൾ ബന്ധപ്പെടുന്ന ആൾക്കാരുടെയും പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും നെറ്റ് മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നു. എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ഇത് സംബന്ധിച്ച് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) മതമൗലികവാദം ഏതുഭാഗത്തുനിന്ന് ഉള്ളതായാലും ആത്യന്തികമായി തീവ്രവാദത്തിലേക്കും ഭീകരവാദത്തിലേക്കും നയിക്കാനിടയുള്ളതിന്റെ അടിസ്ഥാനത്തിൽ മതമൗലികവാദത്തിനെതിരെ എന്തെങ്കിലും തരത്തിലുള്ള ജനകീയ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) നിലവിൽ പരിഗണനയിലില്ല. |
| (സി) ഏതെങ്കിലും ചില വ്യക്തികൾ ഭീകരവാദത്തിലേക്ക് ആകൃഷ്ടരായതിന്റെയും ഏതാനും മതപരിവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സമുദായത്തെയോ മതത്തെയോ ഭീകരവാദികളെന്ന് മുദ്രകുത്താനുള്ള ചിലരുടെ പ്രചരണത്തിനെതിരെ മത-സാമുദായിക സംഘടനകളെ ഉൾപ്പെടെ അണിനിരത്തി പ്രചരണം നടത്താൻ സർക്കാർ തലത്തിൽ നടപടിയുണ്ടാകുമോ; വിശദമാക്കുമോ ? | (സി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ